**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 44** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അംശാദായ തിരിച്ചടവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അംശാദായം അടയ്ക്കുന്നതിൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലമോ അസുഖങ്ങൾ മൂലമോ തൊഴിൽ നഷ്ടം മൂലമോ വീഴ്ച വരുത്തിയ പ്രവാസികൾക്ക് അത് അടയ്ക്കുന്നതിന് അവസരം നൽകുമോ ;

**<u>മറുപടി:</u>** മുടങ്ങിയ അംശദായത്തിന്റെ 14% പലിശയും 1% പിഴ പലിശയും ചേർത്ത് 15% നിരക്കിൽ മുടക്കം വന്ന കാലത്തേക്ക് കണക്കാക്കപ്പെടുന്ന തുക മുടക്കം വന്ന അംശദായ തുകയോടൊപ്പം അടച്ച് റദ്ദായ അംഗത്വം നിലവിൽ പുനഃസ്ഥാപിച്ച് വരുന്നുണ്ട്.

**(ബി)** കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അംശാദായം അടച്ച് തുടങ്ങി അഞ്ചുവർഷം പൂർത്തിയാക്കിയവർക്ക് സാമ്പത്തിക ബുദ്ധിമുട്ട് മൂലമോ അസുഖങ്ങൾ മൂലമോ തൊഴിൽ നഷ്ടം മൂലമോ അജ്ഞത മൂലമോ അടവിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ കുടിശ്ശിക ഒറ്റത്തവണയായി അടച്ച് തീർത്ത് പ്രവാസി ക്ഷേമനിധി പെൻഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി പ്രകാരം 18 വയസ്സിനും 55വയസ്സിനും മദ്ധ്യേ അംഗത്വമെടുത്തിട്ടുള്ളതും അറുപത് വയസ്സ് പൂർത്തീകരിച്ചതും അംശദായം പൂർണ്ണമായി അടച്ച് തീർത്തിട്ടുള്ളതുമായ അംഗങ്ങൾക്ക് തൊട്ടടുത്ത മാസം മുതലും 55 വയസ്സിനുശേഷം 60 വയസ്സിനുള്ളിൽ അംഗത്വം എടുക്കുന്നവർക്ക് അംഗത്വ തീയതി മുതൽ അഞ്ച് വർഷം വരെ മുടക്കം കൂടാതെ അംശദായം അടച്ച് പൂർത്തീകരിക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതലും പെൻഷൻ അനുവദിച്ച് നൽകി വരുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട്, അസുഖം, തൊഴിൽ നഷ്ടം, അജ്ഞത എന്നിവ കാരണം അടവിൽ വീഴ്ച വരുത്തിയവർക്ക് പ്രത്യേക ഇളവുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**സെക്ഷൻ ഓഫീസർ**